## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4580 26.06.2014-ൽ മറുപടിക്ക്**

**<u>ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം</u>**

| **ചോദ്യം**<br>**ശ്രീ. ജി. സുധാകരൻ** | | **ഉത്തരം**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
|---|---|---|
| (എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) & (സി) & (ഡി) | ആലപ്പുഴ ബൈപ്പാസ് 50% കേന്ദ്ര സഹായത്തോടെ രണ്ടു വരിപ്പാതയായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയ്ക്ക് ദേശീയ പാതാ വികസന അതോറിറ്റി പ്രിക്വാളിഫൈ ചെയ്തിരുന്ന, ഇ.പി.സി വ്യവസ്ഥയിൽ ചെയ്യുവാനുള്ള ടെണ്ടർ (RFP-Request For Participation) കരാറുകാരിൽ നിന്നും ക്ഷണിക്കുകയുണ്ടായി. ജനുവരി 2014 ൽ ലഭിച്ച RFP-ൽ രണ്ടു കരാറുകാർ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. കൂടുതൽ മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നതിലേയ്ക്കായി ദേശീയപാതാ വികസന അതോറിറ്റി പ്രിക്വാളിഫൈ ചെയ്ത കരാറുകാർ കൂടാതെ മറ്റു കരാറുകാരിൽ നിന്നും RFP യുടെ കൂടെ യോഗ്യത നിർണ്ണയത്തിനുള്ള RFQ (Request for Qualification) വാങ്ങി പ്രിക്വാളിഫൈ ചെയ്യുന്നവരുടെ RFP കൂടി പരിഗണിക്കുവാൻ കേന്ദ്രത്തിന്റെ എക്സ്പെൻഡിച്ചർ ഫൈനാൻസ് കമ്മിറ്റി തീരുമാനിച്ചു. |
| (ബി) ബൈപ്പാസിന്റെ ടെണ്ടർ നടപടി സംബന്ധിച്ച വിശദാംശം നൽകുമോ ; | | |
| (സി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ; | | |
| (ഡി) ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | | |

ഇതുപ്രകാരം ടെണ്ടർ പുസ്തകത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തി 30.05.2014 ഇ-ടെണ്ടർ വിളിക്കു കയുണ്ടായി. ടെണ്ടർ തുറക്കുന്നത് 05.09.2014 ലാണ്.

റീ ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയു കയുള്ളൂ.

സെക്ഷൻ ഓഫീസർ